മാനദണ്ഡമെന്താണ്; പ്രൊബേഷൻ ഡിക്ലയർ ചെയ്യാത്ത അദ്ധ്യാപകർക്ക് മ്യൂച്ച്വൽ ട്രാൻസ്ഫർ നൽകിയിട്ടുണ്ടോ;

(ഡി) രണ്ട് വർഷത്തിൽ താഴെ സർവ്വീസുള്ള അദ്ധ്യാപകരെ സ്ഥലം മാറ്റിയിട്ടുണ്ടോ;

(ഇ) സർവ്വീസിൽ സീനിയറായ അദ്ധ്യാപകൻ/ഇൻസ്ട്രക്ടർ അപേക്ഷിക്കാതെ പ്രൊബേഷൻ ഡിക്ലയർ ചെയ്യാത്ത അദ്ധ്യാപകരെ/ഇൻസ്ട്രക്ടർമാരെ നിയമിക്കുവാൻ വേണ്ടി സ്ഥലം മാറ്റിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് മാനദണ്ഡപ്രകാരം; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) നടപ്പിലാക്കാനായിട്ടില്ല.

(ബി) എട്ടുമാസം. (2017 മാർച്ച് മുതൽ ഒക്ടോബർ വരെ) വളരെ നാളുകളായി ഹോം ഡിസ്ട്രിക്ടിൽ നിന്ന് മാറി ജോലിചെയ്യുന്ന അനേകം അദ്ധ്യാപകർക്ക് സ്വദേശത്ത് തിരിച്ചെത്താൻ സാഹചര്യമൊരുക്കിയ സ്ഥലം മാറ്റമാണ് 2017-ൽ നടന്നത്. ബഹുഭൂരിപക്ഷം അദ്ധ്യാപകർക്കും ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്.

(സി) ഇല്ല.

(ഡി&ഇ) മൂന്നുവർഷത്തിലധികമായി ഒരു സ്റ്റേഷനിൽ തുടരുന്നവർ ആവശ്യപ്പെട്ട സ്റ്റേഷനിൽ, പി.എസ്.സി.-യിൽ നിന്നുള്ള ഫ്രെഷ് ഹാന്റ് ആണ് നിലനിന്നിരുന്നതെങ്കിൽ അവരെ മാറ്റിയിട്ടുണ്ട്. സർക്കാർ അംഗീകരിച്ച മാനദണ്ഡം പ്രകാരമുള്ള സ്ഥലംമാറ്റമാണ് നടത്തിയിട്ടുള്ളത്.

## ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിൽ ടിക്കറ്റ് കൗണ്ടർ തസ്തികയിലേയ്ക്കുള്ള നിയമനം

172 (5324) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ശാസ്ത്രസാങ്കേതിക മ്യൂസിയത്തിലെ ടിക്കറ്റ് കൗണ്ടർ തസ്തികയ്ക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ വിശദമാക്കുമോ; ഇത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത തസ്തികയിലേക്കുള്ള നിയമനത്തിനായി നടത്തിയ പത്രപരസ്യത്തിൽ നിഷ്കർഷിച്ചിരുന്ന യോഗ്യതകൾ വിശദമാക്കുമോ;

(സി) 16-8-1996-ലെ സർക്കാർ ഉത്തരവ് നമ്പർ ജി. ഒ. (ആർ.ടി.) 988/96/H.Edn.പ്രകാരം പ്രസ്തുത തസ്തികയിലെ തൊഴിൽപരിചയം സംബന്ധിച്ച യോഗ്യത ഭേദഗതിചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഉത്തരവ് ഭേദഗതി ചെയ്തതിന്റെ കാരണം വിശദമാക്കുമോ;

(ഡി) 9-12-2009-ലെ നമ്പർ 2404/09 ഉത്തരവ് പ്രകാരം സയൻസ് മ്യൂസിയത്തിൽ പ്രസ്തുത തസ്തികകളിലേക്ക് നിയമനം നടത്തിയത് മേൽസൂചിപ്പിച്ച ഭേദഗതി ഉത്തരവിന്റെ വെളിച്ചത്തിലാണോ; വിശദമാക്കുമോ;

(ഇ) ടിക്കറ്റ് കൗണ്ടർ തസ്തികയിലെ ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നുള്ള വീഴ്ച മൂലം സ്ഥാപനത്തിന് സാമ്പത്തികനഷ്ടമുണ്ടായതായ 2011-12 കാലയളവിലെ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) കേരള സംസ്ഥാന ശാസ്ത്രസാങ്കേതിക മ്യൂസിയത്തിലെ ടിക്കറ്റ് കൗണ്ടർ തസ്തികയ്ക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ ചുവടെ ചേർക്കുന്നു:

1. Pre-degreee/equivalent or SSLC with KGTE Typewriting English (Higher)
2. One year experience in cash counter of Govt. firm or co-operative banks or socieites.

സർവ്വീസ് ആന്റ് കോൺഡക്ട് റൂൾസിന്റെ പ്രസക്ത ഭാഗത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. (അനുബന്ധം *)

(സി) ഉണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി വച്ചിരിക്കുന്നു. (അനുബന്ധം I*).

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

27-ാമത് ഗവേണിംഗ് ബോഡിയുടെ തീരുമാനപ്രകാരമാണ് പ്രസ്തുത ഉത്തരവ് ഭേദഗതി ചെയ്തിട്ടുള്ളത്.

(ഡി) അതെ. വിജ്ഞാപനത്തിന്റെ പത്രപരസ്യത്തിന്റെ പകർപ്പ് അനുബന്ധമായിI* ഉൾക്കൊള്ളിച്ചിരിക്കുന്നു.

(ഇ) ഉണ്ട്.

(എഫ്) ടിക്കറ്റ് കൗണ്ടർ തസ്തികയിലെ ഉദ്യോഗസ്ഥനായ ശ്രീ. കെ. എസ്. മണികണ്ഠൻ മനഃപൂർവ്വം ക്രമക്കേട് നടത്തിയിട്ടുള്ളതല്ലെന്നും അശ്രദ്ധമായി കൈകാര്യം ചെയ്തതിനാൽ സ്ഥാപനത്തിന് അടച്ച കളക്ഷൻ തുകയിൽ വ്യത്യാസം വന്ന 2,360 രൂപ (രണ്ടായിരത്തി മുന്നൂറ്റി അറുപത് രൂപ) ഉടൻ തന്നെ സ്ഥാപനത്തിൽ തിരിച്ചടയ്ക്കുകയും ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ടിയാന് ശക്തമായ താക്കീത് നൽകി ടിക്കറ്റ് കൗണ്ടറിൽ നിന്നും മാറ്റി ഓഫീസിൽ നിയമിക്കുകയും മ്യൂസിയത്തിൽ തന്നെ ഒരു ഇന്റേണൽ കമ്മിറ്റി രൂപീകരിച്ച് ഇതിന്മേൽ അന്വേഷണം നടത്തുകയും വിഷയം ഗവേർണിംഗ് ബോഡിയിൽ അവതരിപ്പിക്കുകയും ചെയ്തു. ഗവേർണിംഗ് ബോഡിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ശിക്ഷാ നടപടിയായി ടിയാന്റെ പ്രൊബേഷൻ കാലാവധി മൂന്നുവർഷം ദീർഘിപ്പിക്കുകയും പ്രസ്തുത കാലയളവിൽ ശമ്പള വർദ്ധന നൽകാതിരിക്കുകയും ടിയാന്റെ ഭാഗത്തുനിന്നും ഈ കാലയളവിൽ വീണ്ടും തെറ്റായ എന്തെങ്കിലും പെരുമാറ്റമോ പ്രവൃത്തിയോ ഉണ്ടായാൽ സർവ്വീസിൽനിന്നും നീക്കംചെയ്യാനും തീരുമാനിച്ചിരുന്നു.

**സർവ്വകലാശാലകളിൽ ഏകീകൃത അക്കാദമിക് കലണ്ടർ**

173 (5325) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവ്വകലാശാലകളിൽ ഒരു ഏകീകൃത അക്കാദമിക് കലണ്ടർ ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ കാര്യങ്ങളാണ് ഇതിലൂടെ നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ശിപാർശകൾ എന്തൊക്കെയായിരുന്നു; വിശദീകരിക്കുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly